## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാംസമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 713** **29/05/2019-ൽ മറുപടിയ്ക്ക്**

### കേരള ബാങ്ക് രൂപീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി. ദിവാകരൻ<br>,, മുല്ലക്കര രത്നാകരൻ<br>,, ജി.എസ്.ജയലാൽ<br>,, വി.ആർ. സുനിൽ കുമാർ | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | കേരള ബാങ്ക് യാഥാർത്ഥ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ എത്രത്തോളമായെന്നറിയിക്കുമോ; | (എ) | സംസ്ഥാനത്തെ ഹ്രസ്വകാല വായ്പ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽ നിന്നും ദ്വിതല സമ്പ്രദായത്തിലേക്ക് പുനർക്രമീകരിച്ച് ഒരു പുതിയ ബാങ്ക് രൂപീകരിക്കുന്നതിന് റിസർവ്വ് ബാങ്ക് തത്വത്തിൽ അനുമതി നൽകിയ അവസരത്തിൽ മുന്നോട്ട് വച്ചിരുന്ന നിബന്ധനകളിൽ ലയനത്തിന് മുന്നേ പൂർത്തീകരിക്കേണ്ട വ്യവസ്ഥകൾ പാലിച്ച് അന്തിമ അനുമതിക്കായി അപേക്ഷ നബാർഡ് മുഖാന്തിരം റിസർവ്വ് ബാങ്കിന് സമർപ്പിച്ചു. മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ഒഴികെയുള്ള എല്ലാ ജില്ലാസഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കിലേക്ക് തങ്ങളുടെ ആസ്തി ബാധ്യതകൾ മാറ്റുന്നതിനുള്ള പ്രമേയം നിലവിലെ സഹകരണ നിയമ പ്രകാരം പാസ്സാക്കിയിട്ടുണ്ട്. |
| (ബി) | കേരള ബാങ്കിനെതിരെ ബഹു. ഹൈക്കോടതിയിൽ നിലവിലുള്ള കേസുകളുടെ വിവരങ്ങൾ അറിയിക്കുമോ; പ്രസ്തുത കേസുകൾ ബാങ്ക് രൂപീകരണത്തിന് മുമ്പ് അവസാനിപ്പിക്കുമോ; വ്യക്തമാക്കുമോ; | (ബി) | കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് ആകെ 19 കേസ്സുകൾ (WP(C) Nos. 3960/2019, 4055/2019, 4052/2019, 4229/2019, 4228/2019, 4586/2019, 5793/2019, 5651/2019, 5650/2019, 5831/2019, 6241/2019, 6308/2019, 6409/2019, 6730/2019, 6736/2019, 6512/2019, 5902/2018, 39749/2017, 9491/2019) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലുണ്ട്. |

| | | | |
|---|---|---|---|
| (സി) | ജില്ലാ സഹകരണ ബാങ്കുകളുടെ അസറ്റ് വാല്വേഷൻ പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഉണ്ട്. ബാങ്കുകളുടെ കൺകറന്റ് ആഡിറ്റർമാരും ചാർട്ടേഡ് അക്കൗണ്ടന്റ്മാരും ആയത് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | ജീവനക്കാരുടെ പുനർവിന്യാസം സംബന്ധിച്ച കമ്മിറ്റി റിപ്പോർട്ട് പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | പുനർവിന്യാസം സംബന്ധിച്ച കാര്യങ്ങളിൽ റിസർവ്വ് ബാങ്ക് അന്തിമ അനുമതിക്കുശേഷം നടപടികൾ സ്വീകരിക്കും. |
| (ഇ) | കേരള ബാങ്ക് യാഥാർത്ഥ്യമാകുന്നതിനുള്ള തടസ്സങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ? | (ഇ) | നിലവിൽ തടസ്സങ്ങൾ ഒന്നും ഇല്ല. റിസർവ്വ് ബാങ്കിന്റെ അന്തിമ അനുമതി ലഭിക്കുന്ന മുറയ്ക്ക് കേരള ബാങ്ക് യാഥാർത്ഥ്യമാകും. |

സെക്ഷൻ ഓഫീസർ